# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –5264 31.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ ക്ഷേമം

**ചോദ്യം**

**ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ) ക്ഷേമനിധിയിൽ അംഗമല്ലാത്ത പ്രവാസികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

എ) ക്ഷേമനിധിയിൽ അംഗമല്ലാത്ത പ്രവാസികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

- സാന്ത്വന പദ്ധതി
- കാരുണ്യം പദ്ധതി
- ചെയർമാൻ ഫണ്ട്
- തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി
- പ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് (അടിയന്തിര സാഹചര്യങ്ങളിൽ പ്രവാസികളെ തിരിച്ചെത്തിക്കാനുള്ള പദ്ധതി)
- പ്രവാസി നിയമസഹായ പദ്ധതി
- സ്വപ്ന സാഫല്യം
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

ബി) ക്ഷേമനിധി ആക്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ പദ്ധതിയിൽ അംഗമല്ലാത്തവരുടെ ക്ഷേമത്തിനായി പ്രതിപാദിച്ചിരിക്കുന്ന 'പ്രത്യേക സഹായനിധി ' യുടെ രൂപീകരണം ഏത് ഘട്ടത്തിലായെന്ന് വിശദീകരിക്കുമോ ;

ബി) 2015 ഒക്ടോബർ 6 -ാം തീയതി പ്രത്യേക സഹായനിധി രൂപീകൃതമായിട്ടുണ്ട്. ടി നിധിയിൽ നിന്നും അനുവദിക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ; ഇതുവരെ എത്ര തുക വിതരണം ചെയ്തു; വിശദ വിവരം ലഭ്യമാക്കുമോ? | സി) | സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ആകെ 3186 പേരാണ്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. പെൻഷൻ ഇനത്തിൽ 2016 സെപ്റ്റംബർ മാസംവരെ ആകെ 2,81,95,350/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

| ജില്ല | 1 എ | 1 ബി | 2 എ | എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 179 | 337 | 1 | 517 |
| കൊല്ലം | 249 | 398 | 8 | 655 |
| പത്തനംതിട്ട | 71 | 77 | 3 | 151 |
| ആലപ്പുഴ | 97 | 133 | 3 | 233 |
| കോട്ടയം | 16 | 39 | 4 | 59 |
| ഇടുക്കി | 2 | -- | -- | 2 |
| എറണാകുളം | 36 | 74 | 4 | 114 |
| തൃശ്ശൂർ | 94 | 149 | 8 | 251 |
| പാലക്കാട് | 50 | 95 | 4 | 149 |
| മലപ്പുറം | 78 | 179 | 2 | 259 |
| കോഴിക്കോട് | 136 | 213 | 4 | 353 |
| വയനാട് | 4 | 11 | -- | 15 |
| കണ്ണൂർ | 152 | 189 | 4 | 345 |
| കാസർഗോഡ് | 24 | 58 | 1 | 83 |
| ആകെ | 1188 | 1952 | 46 | 3186 |

**സെക്ഷൻ ഓഫീസർ**